വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) ഉണ്ട്.

(ബി) അനധികൃത വയറിംഗ് തടയുന്നതിന് വേണ്ടി ജില്ലാതല കമ്മിറ്റികൾ രൂപീകരിക്കുന്നതിന് നടപടികൾ എടുത്തിട്ടുണ്ട്.

(സി) അധികാരമില്ല.

(ഡി) ആലോചിക്കാവുന്നതാണ്.

(ഇ) ജില്ലാതല കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു.

കുടിവെള്ള വിതരണത്തിന് വിദേശ ധനസഹായത്തോടുകൂടി സമാന്തര സംവിധാനം

*5 [950] ശ്രീ. വി. കെ. ചന്ദ്രൻ:
,, പിരപ്പൻകോട് മുരളി:
,, എം. വി. ജയരാജൻ:
,, മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ഒപ്പുവെച്ച ഭരണനവീകരണ കരാറിൽ സമഗ്രമായൊരു കുടിവെള്ള ശുചിത്വനയം രൂപീകരിച്ച് പ്രഖ്യാപിക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ:

(ബി) എങ്കിൽ കുടിവെള്ള ശുചിത്വ നയത്തിന് രൂപം നൽകിയിട്ടുണ്ടോ:

(സി) ഏതെല്ലാം നിലയിലുള്ള ചർച്ചകളിലൂടെയാണ് കരട് നയത്തിന് രൂപം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; നയത്തിൽ എന്തെല്ലാം ഇനങ്ങൾക്കാണ് ഊന്നൽ നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) കുടിവെള്ള വിതരണത്തിന് കേരള വാട്ടർ അതോറിറ്റിക്ക് പകരം വിദേശ ധനസഹായത്തോടുകൂടി സമാന്തര സംവിധാനം ഉണ്ടാക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ മുൻപാകെയുണ്ടോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ—സി) സർക്കാർ നവീകരണ പരിപാടിയുടെ ഭാഗമായി സമഗ്രമായ കുടിവെള്ള ശുചിത്വനയം രൂപീകരിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകളിലൊന്നും സർക്കാർ ഒപ്പിട്ടിട്ടില്ല. എന്നാൽ ഭരണനവീകരണ പരിപാടിക്കുവേണ്ടി സർക്കാർ തത്വത്തിൽ അംഗീകരിച്ച വിഷയാധിഷ്ഠിത രൂപരേഖയിൽ ജലവിഭവം, ശുചിത്വം എന്നിവയ്ക്കായി ഒരു ഏകീകൃത നയം രൂപീകരിക്കുന്നതിനെക്കുറിച്ച് പറയുന്നുണ്ട്. വിഷയാധിഷ്ഠിത

LIBRARY ARCHIVES Kerala Legislative Assembly

രൂപരേഖകൾ പൊതുചർച്ചകൾക്കായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. പൊതുചർച്ചകളിലൂടെ ഉരുത്തിരിയുന്ന ആശയങ്ങൾ കൂടി ഉൾക്കൊള്ളിച്ചുകൊണ്ടായിരിക്കും പ്രസ്തുത നയത്തിന് രൂപം നൽകുന്നത്.

(ഡി) ഇല്ല.

ചെമ്മീൻ കൃഷി വികസനം

*6. [951] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെമ്മീൻ കൃഷി വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പുതിയ പദ്ധതിമൂലം ഉൽപ്പാദനം എത്ര കണ്ട് വർദ്ധിപ്പിക്കാൻ കഴിയുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് ചെമ്മീൻ കൃഷി വികസനത്തിന്റെ ഭാഗമായി ചെമ്മീൻ കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്നതിന് പുതിയ കേന്ദ്രങ്ങൾ ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം;

(ഡി) ഇതിനായി ആധുനിക സാങ്കേതിക വിദ്യ ലഭിക്കുന്നതിനായി എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഇ) സംസ്ഥാനത്ത് ശാസ്ത്രീയ ചെമ്മീൻ കൃഷി വികസനത്തിനായി എന്തൊക്കെ പുതിയ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്; ഇതിനായി ഏതെങ്കിലും വിദേശ രാജ്യങ്ങളിൽ നിന്ന് സാമ്പത്തിക സഹായം ലഭിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫസർ കെ. വി. തോമസ്):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ചെമ്മീൻ കൃഷി വികസനത്തിനായി എറണാകുളം ജില്ലയിലെ പൊക്കാളി പാടശേഖരങ്ങളിൽ 51.71 കോടി രൂപ അടങ്കൽ വരുന്ന സുസ്ഥിര ചെമ്മീൻ കൃഷി വികസന പദ്ധതി അഡാക്ക് മുഖേന നടപ്പിലാക്കി വരുന്നു.

(ബി) ഉണ്ട്, 90 കോടി രൂപ വില വരുന്ന 3000 ടൺ ചെമ്മീൻ ഉൽപ്പാദിപ്പിക്കാൻ കഴിയും.

(സി) ഉണ്ട്. തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിൽ ഓടയം എന്ന സ്ഥലത്ത് 15 മില്യൻ (ചെമ്മീൻ കുഞ്ഞുങ്ങൾ) ഉൽപ്പാദന ശേഷിയുള്ള ഹാച്ചറി സ്ഥാപിക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly